**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3099** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് ജലസംസ്കരണവും പുനരുപയോഗവും പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നഗരവൽക്കരണവും മാറുന്ന കാലാവസ്ഥാ പ്രവണതകളും കാരണം ജലസ്രോതസ്സുകളിൽ സമ്മർദ്ദം ഏറുന്ന സാഹചര്യത്തിൽ അവയുടെ സംരക്ഷണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | നദീതടങ്ങളിലുടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM-Integrated Water Resources Management) നടപ്പിലാക്കുന്നതിനും, നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള ആധികാരിക ഗൈഡായി പ്രവർത്തിക്കുന്നതിനുവേണ്ടി “OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT” സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.25/2025/ജവിവ തീയതി 26-06-2025 പ്രകാരം നിലവിൽ വരികയും ചെയ്തു. IWRM-നുള്ള ഒരു മാർഗ്ഗനിർദ്ദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂടിൽ ഭരണ ഘടനകൾ, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ്, എന്നിവയുൾപ്പെടെയുള്ള അവശ്യഘടകങ്ങൾ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. World Bank സഹായത്തോടെ നടപ്പിലാക്കുന്ന DLI 7 –ന്റെ ഭാഗമായ പമ്പാ നദീ തട പരിപാലന Plan (River basin management plan – Pamba) ഉണ്ടാക്കുകയും ആയതിന് സ.ഉ.(സാധാ) നം.25/2025/ജവിവ തീയതി 26-06-2025 ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ ജലസ്രോതസ്സുകളിന്മേലുള്ള സമ്മർദം കുറക്കുന്നതിന്റെ ഭാഗമായി ജലത്തിന്റെ പുനരുപയോഗവും മലിനജല സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മലിനജല സംസ്കരണത്തിനായി കൊച്ചി കോർപ്പറേഷൻ പരിധിയിൽ 5 MLD മലിനജല സംസ്കരണ ശാലയും ഗുരുവായൂർ നഗരപരിധിയിൽ 3 MLD മലിനജല സംസ്കരണ ശാലയും പ്രവർത്തന സജ്ജമായിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിൽ മുട്ടത്തറയിൽ സ്ഥിതി ചെയ്യുന്ന 107 MLD മലിനജല സംസ്കരണ ശാലയുടെയും |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള 5 MLD മലിനജല സംസ്കരണ ശാലയുടെയും നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയാണ് ചെയ്യുന്നത്. മലിനജല സംസ്കരണത്തിന്റെ ഭാഗമായുള്ള ജലത്തിന്റെ പുനരുപയോഗം ജലസ്രോതസ്സുകളിന്മേലുള്ള സമ്മർദം കുറക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാവുന്ന ശാസ്ത്രീയ മാർഗ്ഗമാണ്. സമീപ ഭാവിയിൽ തന്നെ അത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. |
| (സി) | കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലം മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | ഗാർഹിക ആവശ്യത്തിനായി നല്കിയിരിക്കുന്ന കുടിവെള്ള കണക്ഷൻ വഴി വിതരണം ചെയ്യുന്ന ജലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഗാർഹികേതര വിഭാഗത്തിലേയ്ക്ക് മാറ്റുക, പിഴ ചുമത്തുക, കണക്ഷൻ വിച്ഛേദിക്കുക ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത് കൂടാതെ ദൃശ്യ ശ്രവ്യ പത്ര മാധ്യമങ്ങൾ വഴിയും, സാമൂഹിക മാധ്യമങ്ങൾ വഴിയും പ്രചാരണം നടത്തി കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലത്തിന്റെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്താറുണ്ട്. |
| (ഡി) | ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾ പോലെ ജല ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ ജലസംസ്കരണത്തിനും പുനരുപയോഗത്തിനുമായി സംവിധാനം ഒരുക്കുന്നതിന് ജലവിഭവ വകുപ്പ് നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിൽ ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾ പോലെ ജല ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ ജലസംസ്കരണത്തിനും പുനരുപയോഗത്തിനുമായി സംവിധാനം ഒരുക്കുന്നതിന് നിബന്ധനകൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ